550/2009
26.10.2009

# ഇടയലേഖനം-98

## ജേക്കബ് മനത്തോടത്ത്

ദൈവത്തിന്റെ കാരുണ്യത്താലും അനുഗ്രഹത്താലും
**പാലക്കാട് രൂപതയുടെ മെത്രാൻ**
**മാർ ജേക്കബ് മനത്തോടത്ത്**
രൂപതാംഗങ്ങളായ വൈദികർക്കും സന്യസ്തർക്കും
സഹോദരീസഹോദരന്മാർക്കും കുട്ടികൾക്കും എഴുതുന്നത്.

**മിശിഹായിൽ പ്രിയപ്പെട്ടവരെ,**

മരണാനന്തര ജീവിതത്തെക്കുറിച്ച് വളരെ വ്യക്തമായ പ്രബോധനമാണ് കത്തോലിക്കാസഭ ബൈബിളിന്റെയും പാരമ്പര്യത്തിന്റെയും വിശ്വാസത്തിന്റെയും അടിസ്ഥാനത്തിൽ നമുക്ക് നൽകുന്നത്. അതിനു വിരുദ്ധമായ സിദ്ധാന്തങ്ങൾ പ്രചരിപ്പിച്ച് വിശ്വാസികളെ ആശയക്കുഴപ്പത്തിലാക്കുകയും സത്യമാർഗത്തിൽ നിന്ന് വ്യതിചലിപ്പിക്കുകയും ചെയ്യുന്ന പ്രസ്ഥാനങ്ങൾക്കെതിരെ ജാഗ്രതപുലർത്തണമെന്ന് മുൻ ഇടയലേഖനങ്ങളിൽ സൂചിപ്പിച്ചിരുന്നുവല്ലൊ.

പൂർവ്വികരുടെ പാപങ്ങളുടെ പേരിൽ പിൻതലമുറക്കാരെ ദൈവം ശിക്ഷിക്കും, മരിച്ചുപോയവരുടെ ആത്മാക്കൾ ലോകത്തിലേക്ക് തിരിച്ചുവന്ന് അലഞ്ഞുനടക്കുകയും ജീവിക്കുന്നവരിൽ ആവസിക്കുകയൊ ആവരെ പീഡിപ്പിക്കുകയൊ ചെയ്യും, നരകത്തിൽപോയവരെപ്പോലും തിരികെവിളിച്ചുകൊണ്ടുവന്ന് അവരോട് സുവിശേഷം പ്രസംഗിച്ചും ചില ആചാരാനുഷ്ഠാനങ്ങൾ നടത്തിയും അവരെ മോചിപ്പിച്ച് സ്വർഗത്തിലെത്തിക്കാം എന്നൊക്കെയുള്ള അബദ്ധപ്രബോധനങ്ങളാണ് മരണാനന്തര ജീവിതത്തെപ്പറ്റി പ്രചരിപ്പിക്കപ്പെടുന്നത്. ഇതുസംബന്ധിച്ചുള്ള സഭയുടെ ശരിയായ പ്രബോധനത്തിലുള്ള ഏതാനും കാര്യങ്ങൾക്കൂടി നിങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

മനുഷ്യനായി അവതരിച്ച കർത്താവ് തന്റെ ജീവിതവും പീഡാനുഭവവും മരണവും ഉയിർപ്പുംവഴി നമ്മെ പാപത്തിൽ നിന്നും മരണത്തിൽനിന്നും രക്ഷിച്ചു. അക്കാരണത്താൽ നമുക്ക് അവിടുത്തോട്





അഭേദ്യമായ ഒരു ബന്ധമുണ്ട്. യേശുവിൽ വിശ്വസിക്കുകയും അവിടുത്തോട് ഗാഢമായി ബന്ധപ്പെട്ടിരിക്കുകയും ചെയ്യുന്നവരുടെ സമൂഹമാണ് സഭ. സഭാംഗങ്ങൾക്ക് കർത്താവിനോടും സഭയോടും തമ്മിൽതമ്മിലുമുള്ള ഐക്യത്തെയും ബന്ധത്തെയും വ്യക്തമാക്കാനാണ് വി. പൗലോസ് ശ്ലീഹാ സഭയെ ക്രിസ്തുവിന്റെ ശരീരമെന്ന് വിശേഷിപ്പിക്കുന്നത്. കർത്താവിൽ ഒന്നായിരിക്കുന്ന സ്നേഹ സമൂഹമാണ് സഭ. ഈ സ്നേഹസമൂഹത്തിൽ ആരും ആർക്കും അന്യരല്ല. എല്ലാവരും ബന്ധപ്പെട്ടവരും വേണ്ടപ്പെട്ടവരുമാണ്. മരണം വഴി ഈ കൂട്ടായ്മയിൽ നിന്ന് വേർപെട്ടുപോയവർക്ക് എന്ത് സംഭവിക്കുന്നു എന്നതിനെപ്പറ്റിയുള്ള സഭയുടെ പ്രബോധനം ഇതാണ്, “ഓരോ മനുഷ്യനും തന്റെ മരണത്തിന്റെ നിമിഷത്തിൽത്തന്നെ സ്വജീവിതത്തെ ക്രിസ്തുവിനോടു ബന്ധപ്പെടുത്തി തന്റെ അമർത്യമായ ആത്മാവിൽ തന്റെ ശാശ്വതപ്രതിഫലം സ്വീകരിക്കുന്നു: അതായത് ഒരു ശുദ്ധീകരണ പ്രക്രിയയിലൂടെയോ നേരിട്ടോ സൗഭാഗ്യത്തിലേക്കുള്ള പ്രവേശനം ലഭിക്കുന്നു, അല്ലെങ്കിൽ നേരിട്ടുള്ളതും ശാശ്വതവുമായ ശിക്ഷയിലേക്കുള്ള പ്രവേശനം” (CCC. 1022).

ജീവിക്കുന്നവരുടെയും മരിച്ചവരുടെയും വിധിയാളനായ ക്രിസ്തുവിൽ നിന്ന് ഓരോ മനുഷ്യനും മരണത്തിന്റെ നിമിഷം തന്നെ തന്റെ അമർത്യമായ ആത്മാവിൽ തന്റെ ശാശ്വതമായ പ്രതിഫലം സ്വീകരിക്കുന്നു (CCC. 1051). മരണത്തിലൂടെ ശരീരത്തിൽ നിന്ന് വേർപെടുന്ന ആത്മാവ് പ്രസാദവരാവസ്ഥയിലാണെങ്കിലും വിശുദ്ധീകരണം ആവശ്യമുണ്ടെങ്കിൽ ശുദ്ധീകരണ സ്ഥലത്തേക്കും പൂർണമായ പ്രസാദവരാവസ്ഥയിലാണെങ്കിൽ മരണസമയത്തുതന്നെ സ്വർഗസൗഭാഗ്യത്തിലെക്കും മാരകപാപത്തിൽ മരിക്കുന്നവർ മരണസമയത്തുതന്നെ നിത്യനരകത്തിലേക്കും പ്രവേശിക്കുകയും സഭാകൂട്ടായ്മയിൽ നിന്ന് സ്വയം ബഹിഷ്കൃതരാവുകയും ചെയ്യുന്നു. മരണശേഷം മാനസാന്തരത്തിന് അവസരമില്ല. മരണാവസരത്തിലെ വിധി മാറ്റമില്ലാത്തതും നിത്യവുമാണ്. മരണനിമിഷത്തിലെ വിധിയെ സകല സൃഷ്ടികൾക്കുമായി വെളിപ്പെടുത്തുന്ന അവസരമാണ് അന്ത്യവിധി. മരണാവസരത്തിലെ വിധിയിൽ നിന്ന് വ്യത്യസ്തമായ വിധിയല്ല അന്ത്യവിധി. അന്ത്യദിനത്തിലാണല്ലൊ നമ്മുടെ ശരീരങ്ങൾ ഉയിർത്തെഴുന്നേൽക്കുന്നത്. അന്നുമുതൽ ആത്മശരീരത്തോടു കൂടെയായിരിക്കും നന്മചെയ്യുന്നവർ നിത്യരക്ഷയും തിന്മ ചെയ്തവർ നിത്യശിക്ഷയും അനുഭവിക്കുന്നത്.

സ്വർഗത്തെ ലക്ഷ്യമാക്കി ഭൂമിയിൽ തീർത്ഥാടനം ചെയ്യുന്നവരും



**Palakkad Rupatha Bulletin**
Editor: Fr. Shyju Naduvathaniyil, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

ശുദ്ധീകരണസ്ഥലത്തുള്ളവരും സ്വർഗഭാഗ്യം പ്രാപിച്ചവരും ഏക സഭയുടെ അംഗങ്ങൾ തന്നെയാണ്. ഇവരെ യഥാക്രമം സമരസഭ, സഹനസഭ, വിജയസഭ എന്നും വിളിക്കാറുണ്ട്. ഈ മൂന്നുവിഭാഗങ്ങളിൽപ്പെട്ടവർ തമ്മിൽ നിലനിൽക്കുന്ന ഐക്യത്തെയാണ് “പുണ്യവാന്മാരുടെ ഐക്യം” എന്നു വിളിക്കുന്നത്. പുണ്യവാന്മാരുടെ ഐക്യത്തിലുള്ള നമ്മുടെ വിശ്വാസം വിശ്വാസപ്രമാണത്തിൽ നാം ഏറ്റു പറയുന്നുണ്ടല്ലോ. ഈ കൂട്ടായ്മയിൽപ്പെട്ടവരെല്ലാം വിശുദ്ധരോ വിശുദ്ധരായി തീരേണ്ടവരോ ആണ്. മാമ്മോദീസായിലൂടെ നമുക്ക് കൈവന്ന വിശുദ്ധി കാത്തുസൂക്ഷിക്കുവാനും മറ്റു കൂദാശകളിലൂടെയും വചനാനുസൃതമായ ജീവിതത്തിലൂടെയും വിശുദ്ധിയിൽ വളരുവാനും സാധിച്ചാൽ മാത്രമെ മരണശേഷം വിശുദ്ധിതന്നെയായ ദൈവത്തെ പ്രാപിക്കുവാനുള്ള വരം നമുക്ക് ലഭിക്കൂ. “വിശുദ്ധി കൂടാതെ ആർക്കും കർത്താവിനെ ദർശിക്കുവാൻ സാധിക്കുകയില്ല” (ഹെബ്രാ. 12 : 14).

ചെയ്ത തെറ്റുകളെക്കുറിച്ച് അനുതപിച്ച് പാപമോചനം നേടിയാലും അവയുടെ കാലത്തിനടുത്തശിക്ഷ അവശേഷിക്കും. അതുനാം സത്പ്രവൃത്തികളിലൂടെയൊ പരിഹാരകർമങ്ങളിലൂടെയൊ ഇല്ലാതാക്കണം. അങ്ങനെ ചെയ്തില്ലെങ്കിൽ മരണശേഷം അതിൽ നിന്നും മരണാവസരത്തിലവശേഷിക്കുന്ന ലഘുപാപങ്ങളിൽ നിന്നും നാം ശുദ്ധീകരിക്കപ്പെടണം. ഈ അന്തിമ ശുദ്ധീകരണത്തെയാണ് സഭ ശുദ്ധീകരണസ്ഥലം എന്നു വിളിക്കുന്നത്. സഭയുടെ പാരമ്പര്യം വിശുദ്ധ ഗ്രന്ഥത്തിലെ ചില ഭാഗങ്ങൾ പരാമർശിച്ചുകൊണ്ട് ശുദ്ധീകരിക്കുന്ന അഗ്നിയെപ്പറ്റി പറയുന്നുണ്ട്. ലഘുവായ കുറ്റങ്ങളിൽ നിന്ന് അവസാനവിധിക്കുമുമ്പ് നമ്മെ ശുദ്ധീകരിക്കുന്ന ഒരഗ്നിയുണ്ടെന്ന് നാം വിശ്വസിക്കണമെന്ന് മഹാനായ വി. ഗ്രിഗറി പറയുന്നുണ്ട്.

മരണശേഷം ലഭിക്കുന്ന ലഘുവായ ശിക്ഷയെയും അതേതുടർന്നുള്ള മോചനത്തെയും കുറിച്ചുള്ള പുതിയനിയമത്തിലെ പരാമർശനങ്ങളും ഇപ്രകാരം ഒരു ശുദ്ധീകരണത്തെ സൂചിപ്പിക്കുന്നു. മരിച്ചവർക്കുവേണ്ടിയുള്ള നമ്മുടെ പ്രാർത്ഥനവഴി അവരുടെ കാലികമായ ശിക്ഷകുറയുന്നു. രക്ഷപ്രാപിക്കുവാനുള്ള അനുഗ്രഹം ദൈവം അവർക്ക് നൽകുന്നു. മരിച്ചവരുടെ പാപങ്ങൾക്ക് മോചനം ലഭിക്കുന്നതിനുവേണ്ടി പ്രാർത്ഥനയും പരിഹാരകർമ്മങ്ങളും നടത്തിയതിനെപ്പറ്റി മക്കബായരുടെ പുസ്തകത്തിലും സൂചിപ്പിക്കുന്നുണ്ടല്ലോ (2 മക്ക. 12: 36-45). അതിനാൽ മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുക ആവ





ശ്യമാണ് എന്ന് വ്യക്തമാകുന്നു. അത് അവരുടെ കാലികമായ ശിക്ഷ കുറയ്ക്കുവാനും രക്ഷപ്രാപിക്കുവാനും സഹായിക്കും.

ജീവിക്കുന്നവരും ശുദ്ധീകരണസ്ഥലത്തുള്ളവരും സ്വർഗംപ്രാപിച്ചവരും ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയുടെ അംഗങ്ങളും പരസ്പരം ബന്ധപ്പെട്ട അവയവങ്ങളുമാകയാൽ പരസ്പരം സഹായിക്കുവാൻ കടപ്പെട്ടവരാണ്. തന്റെ തിരുരക്തത്താൽ നേടിയെടുത്ത സഭയ്ക്കുവേണ്ടി കർത്താവ് ഇപ്പോഴും പിതാവിന്റെ വലത്തുഭാഗത്തിരുന്ന് മാദ്ധ്യസ്ഥ്യം വഹിക്കുന്നുണ്ട് (റോമ 8:34). യേശുവിനോടൊന്നായിരിക്കുകയും അവിടുത്തെ മദ്ധ്യസ്ഥപ്രാർത്ഥനയുടെ ഫലം അനുഭവിക്കുകയും ചെയ്യുന്നവരായ നമ്മൾ അവിടുത്തോടുചേർന്ന് പിതാവിന്റെ പക്കൽ എല്ലാവർക്കും വേണ്ടി, പ്രത്യേകിച്ച് ശുദ്ധീകരണസ്ഥലത്തുള്ളവർക്കുവേണ്ടി മാദ്ധ്യസ്ഥ്യം വഹിച്ചു പ്രാർത്ഥിക്കണം. ഏക സഭയിൽപ്പെട്ടവർ ഇപ്രകാരം പ്രാർത്ഥിക്കുന്നത് സഭയുടെ ആരംഭം മുതലുണ്ടായിരുന്ന പതിവാണ്. സഭാംഗങ്ങൾ തമ്മിലുള്ള കൂട്ടായ്മയുടെ ഉത്തമോദാഹരണവുമാണിത്.

മരിച്ചവരും ജീവിക്കുന്നവരുമായ നമ്മുടെ കുടുംബാംഗങ്ങൾക്കുവേണ്ടി മാത്രമല്ല നാം ദൈവസമക്ഷം മാദ്ധ്യസ്ഥ്യം വഹിക്കേണ്ടത്. ഈ കൂട്ടായ്മയിൽപ്പെട്ട എല്ലാവർക്കും വേണ്ടി പ്രാർത്ഥിക്കണം. നാമെല്ലാം സഭയാകുന്ന വലിയ കുടുംബത്തിലെ അംഗങ്ങളാണ്. ആരും അന്യരോ അപരിചിതരോ അല്ല. എല്ലാവരും വിശുദ്ധരുടെ സഹപൗരരും ദൈവഭവനത്തിലെ അംഗങ്ങളുമാണ് (എഫേ. 2:19). എല്ലാവർക്കുംവേണ്ടി മദ്ധ്യസ്ഥപ്രാർത്ഥന നടത്തുന്നത് ഉത്തമവും നമ്മുടെ രക്ഷകനായ ദൈവത്തിന്റെ മുമ്പിൽ സ്വീകാര്യവുമത്രെ (1 തിമൊ. 2:3).

ശുദ്ധീകരണസ്ഥലത്തിലെ ആത്മാക്കൾ നമ്മുടെ പ്രത്യേക പരിഗണന അർഹിക്കുന്നവരാണ്. അവർക്കുവേണ്ടി പ്രാർത്ഥിക്കുക എന്നത് നമ്മുടെ കടമയാണ്. നമ്മുടെ മദ്ധ്യസ്ഥ പ്രാർത്ഥന അവരുടെ വിശുദ്ധീകരണത്തിന് ആവശ്യവുമാണ്. സ്വർഗഭാഗ്യത്തിന് നിശ്ചയിക്കപ്പെട്ടവരായ ആ പുണ്യാത്മാക്കൾക്കുവേണ്ടി പ്രാർത്ഥിക്കുന്നതുവഴി നാം രക്ഷകനായ കർത്താവിന് കൂടുതൽ പ്രിയപ്പെട്ടവരായിത്തീരുന്നു. അവരുടെ പ്രാർത്ഥനാസഹായം നമുക്ക് ധാരാളമായി ലഭിക്കുകയും ചെയ്യുന്നു. നമ്മുടെ ആരാധനക്രമങ്ങളിലും മറ്റു ശുശ്രൂഷകളിലും മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥനകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. വി. കുർബാനയിൽ അവരെ അനുസ്മരിക്കുക എന്നതാണ് അവർക്കുവേണ്ടി ചെയ്യാ



**Palakkad Rupatha Bulletin**
Editor: Fr. Shyju Naduvathaniyil, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

വുന്ന ഏറ്റവും ശ്രേഷ്ഠമായ കാര്യം. വി. കുർബാനയാണല്ലൊ ഏറ്റം ഉദാത്തമായ പ്രാർത്ഥന. എല്ലാ മനുഷ്യരുടെയും രക്ഷക്കുവേണ്ടി കർത്താവർപ്പിച്ച ജീവിതബലിയുടെ കൗദാശിക പുനഃരവതരണമായ വി. കുർബാനയിൽ സംബന്ധിച്ചുകൊണ്ട് നമ്മുടെ സഹോദരരുടെ മോചനത്തിനും രക്ഷക്കുംവേണ്ടി പ്രാർഥിക്കുമ്പോൾ അത് ഏറ്റം ഫല ദായകമായിത്തീരുന്നു. മരിച്ചവർക്കുവേണ്ടിയുള്ള ധർമദാനം, ദണ്ഡ വിമോചനകർമങ്ങൾ, പ്രായശ്ചിത്തപ്രർത്തികൾ എന്നിവയും സഭ പ്രോത്സാഹിപ്പിക്കുന്നുണ്ട്.

ഈ ലോകത്തിൽ ജീവിക്കുന്ന നാം പ്രാർത്ഥനവഴി പരസ്പരം സഹായിക്കുന്നതുപോലെ സ്വർഗവാസികൾ നമുക്കുവേണ്ടിയും ശുദ്ധീ കരണ സ്ഥലത്തിലുള്ളവർക്കുവേണ്ടിയും പ്രാർത്ഥിക്കുന്നുണ്ട്. മരിച്ച വരെപ്പറ്റി തെറ്റായധാരണകൾ നാം വച്ചുപുലർത്തരുത്. അവർ നമ്മുടെ പ്രിയപ്പെട്ട കുടുംബാംഗങ്ങളും സ്നേഹിതരും ഉപകാരികളുമാണ്. അവർ നമ്മിൽ നിന്നകന്നുപോയെങ്കിലും അവരുടെ സ്നേഹം നമ്മോ ടുകൂടെയുണ്ട്. ആ സ്നേഹം നമ്മുടെ നന്മക്കുവേണ്ടി പ്രാർത്ഥിച്ചു കൊണ്ട് അവർ പ്രകടിപ്പിക്കുന്നു. അവരോടുള്ള ഐക്യത്തിലും സ്നേഹ ത്തിലും നാം ജീവിക്കണം. നമ്മുടെ സഹായം ആവശ്യമുള്ള ആത്മാ ക്കളെ പ്രാർത്ഥനവഴിയും മറ്റുവിധത്തിലും നാം സഹായിക്കണം. "ഞാൻ നിങ്ങളിൽനിന്നകന്നു പോകുന്നുവെങ്കിലും എന്റെ സ്നേഹം നിങ്ങളോടുകൂടെയുണ്ടായിരിക്കും. സ്വർഗരാജ്യത്തിൽ നാം ഒരുമിക്കു ന്നതുവരെ നിങ്ങൾ എനിക്കുവേണ്ടി പ്രാർത്ഥിക്കുവിൻ" എന്നാണല്ലോ അവരോരുത്തരും നമ്മോട് ആവശ്യപ്പെടുന്നത്. അപ്രകാരം ചെയ്തു കൊണ്ട് വിശുദ്ധരുടെ ഐക്യം അനുഭവിക്കുകയും പ്രകടിപ്പിക്കുകയും ചെയ്യാം.

നമ്മുടെ കർത്താവീശോമിശിഹായുടെ + കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും + പരിശുദ്ധാത്മാവിന്റെ സഹവാസവും + നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

യേശുവിൽ നിങ്ങളുടെ വത്സലപിതാവ്,

**മാർ ജേക്കബ് മനത്തോടത്ത്**

പാലക്കാട് രൂപതയുടെ മെത്രാൻ

NB: ഈ ഇടയലേഖനം നവംബർ 8-ാം തീയതി ഞായറാഴ്ച കുർബാന മദ്ധ്യേ എല്ലാ പള്ളികളിലും പൊതുജനങ്ങൾക്കായി ഞായറാഴ്ച കുർബനയുള്ള സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.





# കുടുംബവും മാധ്യമങ്ങളും

## (കെ.സി.ബി.സി. ഫാമിലി കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ)

കെ.സി.ബി.സി. ഫാമിലി കമ്മീഷൻ 2009-2010 വർഷങ്ങളിൽ കുടുംബങ്ങളുടെ പഠനത്തിനും പരിചിന്തനത്തിനുമായി നിർദ്ദേശിച്ചിരി ക്കുന്ന വിഷയം 'സാമൂഹ്യസമ്പർക്കമാധ്യമങ്ങളും കുടുംബവും' എന്ന താണ്. കുടുംബമൂല്യങ്ങൾ സംരക്ഷിക്കത്തക്കവിധം മാധ്യമങ്ങളെ എങ്ങനെ ഉപയോഗിക്കാമെന്നതാണ് ചിന്താവിഷയം. മാധ്യമയുഗത്തിൽ ജീവിക്കുന്ന നമ്മെ സാമൂഹ്യസമ്പർക്ക മാധ്യമങ്ങൾ വ്യാപകമായി സ്വാധീനിക്കുന്നുവെന്നത് സുനിശ്ചിതമാണ്. മനുഷ്യന്റെ എല്ലാ കണ്ടു പിടിത്തങ്ങളുടെയും കാര്യത്തിലെന്നപോലെ സാമൂഹികസമ്പർക്കമാ ധ്യമങ്ങളെയും നമുക്ക് നന്മയ്ക്കും തിന്മയ്ക്കും ഉപയോഗിക്കാം. വിനോ ദവും വിജ്ഞാനവും പ്രദാനം ചെയ്യുന്ന സാമൂഹ്യസമ്പർക്ക മാധ്യമ ങ്ങളെ ദൈവാനുഗ്രഹമായിട്ടും നമുക്ക് കൈവന്നിരിക്കുന്ന വലിയ അവ സരമായിട്ടും വേണം നാം കാണാൻ (cf. inter mirifica, 2). എന്നാൽ, മനുഷ്യൻ നിയന്ത്രിക്കേണ്ട മാധ്യമങ്ങൾ, മനുഷ്യനെ നിയന്ത്രിക്കുന്ന ഒരവസ്ഥ സംജാതമാകുന്നത് അപകടമാണ്. പല സാങ്കേതിക വിദ്യക ളുടെയും കാര്യത്തിലെന്നപോലെ മാധ്യമങ്ങൾ മനുഷ്യനെ അടിമപ്പെ ടുത്തുന്ന സാഹചര്യമാണ് പൊതുവിലുള്ളത്. കുടുംബത്തിലെ എല്ലാ കാര്യങ്ങളും മാധ്യമങ്ങൾ, പ്രത്യേകിച്ച് ടെലിവിഷൻ, ഇന്റർനെറ്റ്, മൊബൈൽ ഫോൺ എന്നിവ, കീഴടക്കുന്നു. വീട്ടുജോലി, ഭക്ഷണസ മയം, പ്രാർത്ഥന, കുടുംബത്തിലെ ആശയവിനിമയം, യാത്രകൾ, സന്ദർശനങ്ങൾ, അതിഥികളോടുള്ള സമീപനം തുടങ്ങി എല്ലാ കാര്യ ങ്ങളെയും നിയന്ത്രിക്കുന്നത് മാധ്യമങ്ങളായിരിക്കുന്നു.

കുടുംബജീവിതത്തിന് കോട്ടമുണ്ടാകാത്ത വിധത്തിൽ മാധ്യ മങ്ങളുടെ ഉപയോഗം ക്രമീകരിക്കുകയെന്ന ആവശ്യകതയിലേക്ക് ഇത് വിരൽ ചൂണ്ടുന്നു. റ്റി.വി. ഇല്ലാതെ ജീവിക്കാൻ പറ്റാത്ത ഒരവസ്ഥയാ ണിന്ന് സംജാതമായിരിക്കുന്നത്. ജോലിക്കും പഠനത്തിനുമായി പുറ ത്തുപോയിട്ട് വൈകുന്നേരം വീട്ടിൽ തിരിച്ചെത്തുന്നവർ ആദ്യം തിര യുന്നത് റ്റി.വി.യുടെ റിമോട്ട് കൺട്രോളാണെന്നത് മിക്ക കുടുംബങ്ങ ളുടെയും ഗതിയാണ്. സിനിമ, സീരിയൽ, റിയാലിറ്റി ഷോ, കോമഡി ഷോ, സ്പോർട്ട്സ് എന്നിവ കാണുന്നതിന് സമയം ചെലവഴിക്കുന്നു. അശ്ലീലതയും അക്രമവും റ്റിവിയിൽ നിരന്തരം പ്രദർശിപ്പിക്കപ്പെടുന്നു. യഥാർത്ഥ മാനുഷികതയ്ക്കും വിവാഹത്തിനും കുടുംബത്തിനും മങ്ങ



Palakkad Rupatha Bulletin
Editor: Fr. Shyju Naduvathaniyil, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

ലേല്പിക്കുന്ന സന്ദേശങ്ങളാണ് സീരിയലുകൾ അവതരിപ്പിക്കുന്നത്. ഇത്തരം ചില സീരിയൽ സന്ദേശങ്ങൾക്ക് ഉദാഹരണങ്ങൾ താഴെപ്പറയുന്നവയാണ്. വിവാഹകുടുംബജീവിതങ്ങൾ ദുരന്തപൂർണവും നരകവുമാണ്. അവിഹിതബന്ധങ്ങൾ സർവസാധാരണമാണ്. സ്ത്രീ അബലയും ചപലയും ഉപഭോഗവസ്തുവും എപ്പോഴും സഹിക്കേണ്ടവളും കരയേണ്ടവളും ആണ്. പുരുഷൻ വേട്ടക്കാരനും സ്ത്രീ ഇരയുമാണ്. സമ്പത്തും ഉപഭോഗവുമാണ് ജീവിതവിജയത്തിന്റെ മാനദണ്ഡം. അവ എളുപ്പത്തിലും സൂത്രത്തിലും നേടണം. കുട്ടികൾ ബാധ്യതയും ഭാരവുമാണ്. ഗർഭച്ഛിദ്രം തിന്മയല്ല. ജീവിതപ്രശ്നങ്ങൾ നേരിടാൻ മദ്യമയക്കുമരുന്നുകളാണ് കുറുക്കുവഴി. ലക്ഷ്യം നേടാൻ ഏതു മാർഗവും ഉപയോഗിക്കാം. ഉപദ്രവിച്ചവരോട് പകരം വീട്ടണം. ആരെയും വിശ്വസിക്കാൻ പറ്റില്ല. ഇത്തരം റ്റി.വി. പ്രോഗ്രാമുകൾ അക്രമം, അഴിമതി, ഗുണ്ടായിസം, ലൈംഗികാരാജകത്വം, മദ്യപാനം, നരഹത്യ, ആത്മഹത്യ എന്നിവയുടെ ഒരു ജീർണസംസ്കാരം രൂപം കൊള്ളുന്നതിന് വഴിതെളിക്കുന്നില്ലേ?

വീട് ചന്തയാക്കപ്പെടുന്നുവെന്നതാണ് മാധ്യമങ്ങൾ വരുത്തിവയ്ക്കുന്ന മറ്റൊരു അപകടം. റ്റി.വി.യിൽ ചന്തയിലെന്നപോലെ ഉത്പന്നങ്ങളെക്കുറിച്ചുള്ള പരസ്യങ്ങളുടെ കോലാഹലമാണ് എപ്പോഴും കാണാനും കേൾക്കാനും കഴിയുന്നത്. വീട്ടുപകരണങ്ങൾ, സ്വർണാഭരണങ്ങൾ, വാഹനങ്ങൾ, വസ്ത്രങ്ങൾ, കുട്ടികളുടെ കുട, ബാഗ്, ഭക്ഷണപാനീയങ്ങൾ എന്നിവയുടെ വർണനകൾ അസത്യമായും അതിശയോക്തി കലർത്തിയും അതിഭാവുകത്വത്തോടെയും ഇഷ്ടതാരങ്ങൾ അവതരിപ്പിക്കുന്നു. കുട്ടികൾ അവ എളുപ്പത്തിൽ വിശ്വസിക്കുകയും പരസ്യത്തിൽ കണ്ടവ തന്നെ കിട്ടണമെന്ന് നിർബന്ധം പിടിക്കുകയും ചെയ്യുന്നു. തങ്ങളുടെ സാമ്പത്തികശേഷി നോക്കാതെതന്നെ, കടം വാങ്ങിച്ചുപോലും, കുട്ടികളുടെ ആഗ്രഹങ്ങൾ സാധിച്ചുകൊടുക്കുന്ന മാതാപിതാക്കൾ കുറച്ചൊന്നുമല്ല. കുടുംബത്തെ ടാർജറ്റ് ചെയ്തുകൊണ്ടാണ് പരസ്യങ്ങൾ എല്ലാം മുന്നേറുന്നത്. അതിൽ വീണുപോകുന്നവർ നിരവധിയുമാണ്. ഗൃഹനാഥന്റെ സന്തോഷം, വീട്ടമ്മയുടെ അധ്വാനലാഭം, കുട്ടികളുടെ വളർച്ച, മുത്തച്ഛന്റെ ആശ്വാസം, അമ്മായിയമ്മയ്ക്ക് സംതൃപ്തി എന്നിവയ്ക്ക് പരസ്യത്തിൽ പറയുന്ന ഉത്പന്നം തന്നെ വേണമെന്നതാണ് സന്ദേശം. അടിസ്ഥാനാവശ്യങ്ങളും മാനസികാവശ്യങ്ങളും മാറ്റി തങ്ങളുടെ ഉത്പന്നത്തിലാണ് സുഖവും സംതൃപ്തിയും എന്ന് വരുത്തിത്തീർക്കുന്നത് എത്രയോ വലിയ വഞ്ചനയാണ്. ആർത്തിയും അസംതൃപ്തിയും വളർത്തി കുടുംബജീവിതത്തെ താറുമാറാക്കുന്ന എത്ര സംഭവങ്ങൾ നമുക്ക്





ചുററുമുണ്ട്. ഇവിടെ, പരസ്യഭാഷ തിരിച്ചറിയാൻ നമുക്ക് സാധിക്കണം. അതുപോലെ ആവശ്യവും അനാവശ്യവും തിരിച്ചറിയാനും കഴിയണം. എങ്കിലേ യുക്തമായ തിരഞ്ഞെടുപ്പ് സാധിക്കൂ.

സത്യത്തിൽ, പരസ്യം വസ്തുതയ്ക്ക് നിരക്കാത്തതോ മനുഷ്യമഹത്വത്തെ ഹനിക്കുന്നതോ വികാരങ്ങളെ ചൂഷണം ചെയ്യുന്നതോ ആർഭാടവും ധൂർത്തും പ്രോത്സാഹിപ്പിക്കുന്നതോ മനുഷ്യന്റെ ആന്തരിക സ്വാതന്ത്ര്യത്തിന്മേൽ കടന്നുകയറ്റം നടത്തുന്നതോ ആയിരിക്കാൻ പാടില്ലാത്തതാണ്. മറിച്ച്, അത് സത്യസന്ധവും സാമൂഹികോത്തരവാദിത്വമുള്ളതുമായിരിക്കണം (cf പരസ്യത്തിലെ സദാചാരം, വത്തിക്കാൻ 1997, ഫെബ്രുവരി 22).

ഇന്ന് ആളുകൾ, പ്രത്യേകിച്ച് കുട്ടികൾ, റ്റി.വി ആസക്തിക്ക് വിധേയരാകുന്നു. ജോലികൊണ്ട് മടുത്ത മാതാപിതാക്കൾ മക്കളോടൊപ്പം സമയം ചെലവഴിക്കാൻ ഊർജ്ജവും സമയവും ഇല്ലാത്തതുകൊണ്ട്, കുഞ്ഞിനെ റ്റി.വി. യുടെ മുമ്പിലിരുത്തി കാർട്ടൂൺ വച്ചുകൊടുക്കുന്നു. കുഞ്ഞ് അതിൽ ലയിക്കുന്നു. റ്റി.വി.യുമായി വൈകാരികബന്ധത്തിലാകുന്ന ഇത്തരം കുഞ്ഞുങ്ങളെക്കുറിച്ച് പറയുന്നത് 'റ്റിവി വളർത്തുന്ന കുഞ്ഞുങ്ങൾ' എന്നാണ്. ഇവർക്ക് ക്രിയാത്മകചിന്തയോ സന്തോഷമോ കളിയോ ആരോഗ്യമോ ഇല്ലെന്നതാണ് പഠനങ്ങൾ തെളിയിക്കുന്നത്. കുട്ടികൾ സാംസ്കാരികവും ധാർമ്മികവും ആത്മീയവുമായി വികസിക്കുന്നതിന് മാധ്യമങ്ങൾ വിമർശനബുദ്ധിയോടെയും വിവേകത്തോടെയും ഉപയോഗിക്കാൻ ചെറുപ്പം മുതൽ പരിശീലിപ്പിക്കപ്പെടണം. ഏത് ഉപേക്ഷിക്കണം, ഏത് തിരഞ്ഞെടുക്കണം എന്ന് വസ്തുനിഷ്ഠമായി വിധിത്തീർപ്പുകൾ നടത്താനുള്ള പ്രാപ്തിയാണ് അവർക്ക് ഉണ്ടാകേണ്ടത്. മാതാപിതാക്കളുടെ വലിയ ഉത്തരവാദിത്വമാണ് ഇത് ഉറപ്പാക്കുക എന്നത് (cf.Familiaris Consortio, 76). വൈരൂപ്യവും അശ്ലീലതയും അക്രമവും ഒക്കെ കുട്ടികളുടെ മനോഭാവങ്ങളെയും പെരുമാറ്റങ്ങളെയും മന്ദീഭവിപ്പിക്കും. അതിനാൽ, സൗന്ദര്യപരവും ധാർമ്മികവും ശ്രേഷ്ഠവുമായ കാര്യങ്ങളോടു താത്പര്യം ഉണ്ടാകാനും സ്വാതന്ത്ര്യത്തോടെ അവ തിരഞ്ഞെടുക്കാനും അവരെ സഹായിക്കാൻ മാതാപിതാക്കൾ ശ്രദ്ധവയ്ക്കണം. അതാണ് അഗാധമായ സന്തോഷം കുട്ടികളിൽ ജനിപ്പിക്കുന്നത്.

സെൻസേഷൻ ജനിപ്പിക്കുന്ന വാർത്താവിതരണരീതിയും വിലയിരുത്തപ്പെടേണ്ടതാണ്. മാധ്യമങ്ങൾ പലപ്പോഴും ഭാഗികസത്യമാണ് നല്കുന്നത്. പ്രത്യേക വിഷയങ്ങൾ തിരഞ്ഞെടുത്ത് പ്രേക്ഷകരെ ആകർഷിക്കുക എന്ന ലക്ഷ്യത്തോടെ അവതരിപ്പിക്കുന്നതു വഴി വ്യക്തി



**Palakkad Rupatha Bulletin**
Editor: Fr. Shyju Naduvathaniyil, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

കൾക്കും സമൂഹത്തിനും ഉണ്ടാകുന്ന നാശം വലുതാണ്. ഇങ്ങനെ വാർത്തകൾ അവതരിപ്പിക്കുന്നതിനു പിന്നിൽ സ്ഥാപിതതാത്പര്യങ്ങളും വാണിജ്യ താത്പര്യങ്ങങ്ങളും രാഷ്ട്രീയ താത്പര്യങ്ങളും സാമ്പത്തിക താത്പര്യങ്ങളും ചാനലുകൾ തമ്മിലുള്ള മത്സരങ്ങളും കാരണമാണ്. വാർത്തയോടു ബന്ധപ്പെട്ടുള്ള ചർച്ചകൾ വിഭിന്ന നിലപാടുകൾ അവതരിപ്പിച്ചു സത്യം കണ്ടെത്താനുള്ള മാർഗമാക്കാൻ മാധ്യമ പ്രവർത്തകർ ശ്രമിക്കുന്നതായും കാണുന്നില്ല. ചർച്ച 'ഒരു വിചാരണ' യാകുന്ന അനുഭവവും കുറവല്ല. മാധ്യമ പ്രവർത്തനം മനുഷ്യമഹത്വത്തിനും പൊതുനന്മയ്ക്കും സാർവത്രികമൂല്യങ്ങളായ സത്യത്തിനും നീതിക്കും സ്നേഹത്തിനും വേണ്ടി നിലകൊള്ളേണ്ടതാണ്. ശരിയായ സാംസ്കാരിക സാമൂഹ്യ പുരോഗതിക്ക് അതാവശ്യമാണല്ലോ. മനുഷ്യശാസ്ത്രപരമായ പരിപ്രേക്ഷ്യത്തിലേ മാധ്യമങ്ങളുടെ അർത്ഥവും ലക്ഷ്യവും ഉചിതമായ രീതിയിൽ സഫലമാകുകയുള്ളു. മാധ്യമ പ്രവർത്തനം ഇന്ന് ബിസിനസ്സ് മത്സരമാകുന്നതുകൊണ്ട് അക്രമത്തെ ഉയർത്തുന്നു, മാനുഷികലൈംഗികതയെ നിസ്സാരവത്കരിക്കുന്നു, വിഭാഗിയതകൾ വളർത്തുന്നു, സമൂഹവിരുദ്ധ പെരുമാറ്റങ്ങൾ പ്രോത്സാഹിപ്പിക്കുന്നു. ഇവയെല്ലാം തീർത്തും തെറ്റാണ്, പരിവർജനീയമാണ്.

ഇന്റർനെറ്റും മൊബൈൽ ഫോണും അറിവിന്റെ വാതായനങ്ങൾ വിശാലമായി തുറക്കുന്നുണ്ടെന്നതു ശരിയാണ്. വ്യക്തിബന്ധങ്ങൾ വളർത്താൻ അവ സഹായങ്ങളുമാകുന്നു. എന്നാൽ, സ്വകാര്യ സമ്പർക്ക ഉപകരണങ്ങളായി അവ തരം താഴ്ന്നതോടെ, ശുഷ്കവും സങ്കുചിതവുമായ ബന്ധങ്ങൾ മാത്രമേ വളർത്തപ്പെടുന്നുള്ളൂ എന്ന ദു:ഖസത്യം അവശേഷിക്കുന്നു. ലാന്റ് ഫോൺ പൊതുസ്ഥലത്തായിരുന്നതുകൊണ്ട്, ബന്ധങ്ങളെ വിശാലമാക്കിയിരുന്നു. ഒരു നിയന്ത്രണവും ഉണ്ടായിരുന്നു. കുട്ടികൾക്കു മൊബൈൽ ഫോൺ അത്യാവശ്യമാണോയെന്നു മാതാപിതാക്കൾ ചിന്തിക്കണം. ചാറ്റിംഗും ഓർക്കൂട്ടും സുഹൃത്തുക്കളെ കണ്ടെത്തുവാനും സ്വപ്നങ്ങൾ പങ്കുവയ്ക്കുവാനും സഹായകമാണെങ്കിലും അശ്ലീലതയിലേയ്ക്കും ഭീകരപ്രവർത്തനങ്ങളിലേയ്ക്കും അത് നയിക്കുന്നുണ്ടെന്നത് അവഗണിക്കാനാവില്ല. നന്മയ്ക്കും സുരക്ഷിതത്വത്തിനും വേണ്ടി ഇന്റർനെറ്റ് സൗകര്യം വീട്ടിൽ എല്ലാവർക്കും വീക്ഷിക്കാവുന്ന സ്ഥലത്ത് സ്ഥാപിക്കാൻ മാതാപിതാക്കൾ ശ്രദ്ധിക്കണം.

യഥാർത്ഥ കുടുംബമൂല്യങ്ങളും മാനുഷിക മൂല്യങ്ങളും സംരക്ഷിക്കുന്നതിന് മാധ്യമങ്ങളുടെ ഉപയോഗം ചില അവസരത്തിൽ വേണ്ടെന്ന് വയ്ക്കേണ്ടി വരും (TV off day, TV off week,TV off month). റ്റി.വി. ഉപയോഗിക്കുന്നനതിൽ ശിക്ഷണം അനുപേക്ഷണീയ





മാണ്. പ്രാർത്ഥന, പഠനം എന്നിവയുടെ സമയത്ത് റ്റി.വി. പ്രവർത്തിപ്പിക്കാതിരിക്കാൻ മാതാപിതാക്കൾ ഉത്സാഹിക്കണം. ഗുരുജനങ്ങൾ, പിറ്റി.എ., അധ്യാപകർ എന്നിവർ ഇക്കാര്യത്തിൽ മാതാപിതാക്കൾക്ക് സഹായകമാകണം. സ്വതന്ത്രബുദ്ധിയും ഇച്ഛാശക്തിയും ഉപയോഗിച്ച് മനുഷ്യൻ മാധ്യമങ്ങളെ നിയന്ത്രിക്കണം. ആത്മനിയന്ത്രണവും മിതത്വവും കൂടാതെ കാതലായ നന്മകൾ കൈവരിക്കാൻ നമുക്കാവില്ലെന്നത് ഒരു സത്യമല്ലേ? ഫാമിലി റ്റി.വി. പ്ലാൻ ഉണ്ടാക്കി കുടുംബം കഴിവതും ഒന്നിച്ചിരുന്ന് റ്റി.വി. കാണുകയും അതിനെ വിശകലനം ചെയ്യുകയും വ്യാഖ്യാനിക്കുകയും വിലയിരുത്തുകയും ചെയ്യുക നല്ല മൂല്യങ്ങളുടെ സ്വാംശീകരണത്തിന് ആവശ്യമാണ്. മനുഷ്യജീവിതത്തെ ധന്യമാക്കുന്ന സ്നേഹം, ക്ഷമ, വിട്ടുവീഴ്ച, അധ്വാനം, ലൈംഗികവിശുദ്ധി, മനുഷ്യമഹത്വം എന്നിവ വളർത്താനുള്ള സാഹചര്യമാണ് സൃഷ്ടിക്കപ്പെടേണ്ടത്. പ്രശ്നങ്ങൾക്കുള്ള പരിഹാരം മദ്യവും മയക്കുമരുന്നുമല്ലെന്ന് എല്ലാവർക്കും ബോധ്യമാകണം. മനുഷ്യബന്ധവും സ്നേഹവുമാണ് പണത്തെക്കാൾ പ്രധാനമെന്ന കാര്യം ഉറപ്പാക്കപ്പെടണം. വിവാഹ-കുടുംബ സമർപ്പണങ്ങൾ പ്രധാനപ്പെട്ടതാണെന്ന് എല്ലാവർക്കും ബോധ്യമുണ്ടാകുകയും വേണം. സംരക്ഷിക്കപ്പെടേണ്ട വലിയ മനുഷ്യനന്മകളാണവ. തരംതാണതും മലീമസവുമായ, വിദ്വേഷവും വിഭാഗിയതയും പോഷിപ്പിക്കുന്ന, പ്രോഗ്രാമുകൾ മാധ്യമങ്ങൾ അവതരിപ്പിക്കുമ്പോൾ അവയ്ക്കെതിരേ ക്രിയാത്മകമായി പ്രതികരിക്കാൻ കുടുംബങ്ങൾ തയ്യാറാവുകയെന്നതും പ്രധാനപ്പെട്ട കാര്യമാണ്. ഇക്കാര്യങ്ങളിൽ എല്ലാവരുടെയും ശ്രദ്ധയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. 2010-ൽ എല്ലാ ഇടവകകളിലും മാധ്യമങ്ങളുടെ ഉപയോഗത്തെക്കുറിച്ച് മാതാപിതാക്കൾക്കുവേണ്ടി സെമിനാറും പ്രായോഗികമായി ചെയ്യേണ്ട കാര്യങ്ങളെക്കുറിച്ച് ചർച്ചയും നടത്തണം. കുടുംബകൂട്ടായ്മകളിൽ (BCC) ഈ വിഷയം ചർച്ചയ്ക്കെടുക്കുന്നതും ഉചിതമാണ്.

ഇത്തരുണത്തിൽ ഒരു വിഷയത്തെക്കുറിച്ച്, നാം നടത്തുന്ന വിവാഹ ഒരുക്കസെമിനാറിനെക്കുറിച്ച്, ചില കാര്യങ്ങൾ എല്ലാവരുടെയും ശ്രദ്ധയിൽപ്പെടുത്താൻ ഞാനാഗ്രഹിക്കുന്നു. എല്ലാ രൂപതകളും ഗൗരവപൂർവം സംഘടിപ്പിക്കുന്ന ഒരു പരിപാടിയാണ് വിവാഹത്തിനു ഒരുക്കമായുള്ള സെമിനാർ. ഏവരുടെയും പ്രശംസയും അംഗീകാരവും അതിനുണ്ട്. മൂന്നുദിവസം നീണ്ടുനില്ക്കുന്ന ഒരു റസിഡൻഷ്യൽ കോഴ്സായിട്ട് അത് നടത്തണമെന്നാണ് പൊതുനിർദ്ദേശം. വിവാഹാലോചനകൾക്കു മുൻപേ തന്നെ അതിൽ പങ്കെടുക്കാൻ യുവതീയുവാക്കൾ ശ്രദ്ധിക്കണം. പ്രാർത്ഥനാപൂർവം കുർബാന, കുമ്പസാരം എന്നിവയോടെയും പൊതുവിൽ അംഗീകരിച്ചിട്ടുള്ള സിലബസ്സോടെയും



**Palakkad Rupatha Bulletin**
Editor: Fr. Shyju Naduvathaniyil, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

കോഴ്സുകൾ നടത്തണം. വിദേശത്തുനിന്നുകൊണ്ടുവരുന്ന സർട്ടിഫിക്കറ്റുകൾ മൂന്നു ദിവസം നീണ്ടുനില്ക്കുന്ന കോഴ്സിന്റേത് ആയിരിക്കണം. അവിടുത്തെ രൂപതയുടെ അംഗീകാരവും പൊതുവായ എല്ലാ വിഷയങ്ങളും കൈകാര്യം ചെയ്തിട്ടുള്ളവയും ആയിരിക്കണം. മൂന്നു ദിവസം നീണ്ടു നില്കുന്ന കോഴ്സിൽ ഒരിക്കൽ പങ്കെടുത്തവരെ വീണ്ടും കൂടാൻ നിർബന്ധിക്കേണ്ടതില്ല. വികാരിയച്ചന്മാർ നമസ്കാരം കേൾക്കുന്നതും ഉപദേശം കൊടുക്കുന്നതും ഉപേക്ഷിക്കരുതെന്ന കാര്യവും ഓർമ്മിപ്പിക്കട്ടെ. +1, +2 കാലഘട്ടത്തിൽ കുമാരീകുമാരന്മാർക്ക് ലൈഫ് ഗൈഡൻസ് കോഴ്സുകളും ആസൂത്രണം ചെയ്ത് നടപ്പാക്കണം. വിവാഹിതർക്ക്, പ്രത്യേകിച്ച് യുവദമ്പതികൾക്ക്, ദാമ്പത്യ പോഷകസെമിനാറുകൾ കൂടെക്കൂടെ സംഘടിപ്പിക്കുക ആവശ്യമാണ്. കുടുംബങ്ങൾ വിവിധതലങ്ങളിൽ നിന്ന്, പ്രത്യേകിച്ച് മാധ്യമങ്ങളിൽ നിന്ന്, നിരവധി വെല്ലുവിളികളെ അഭിമുഖീകരിക്കുന്ന ഇക്കാലഘട്ടത്തിൽ കുടുംബ പ്രേഷിതപ്രവർത്തനം ഊർജ്ജിതമാക്കാൻ എല്ലാവരും പരിശ്രമിക്കണം. തിരുക്കുടുംബത്തിന്റെ മാതൃക നമുക്ക് പ്രചോദനവും മധ്യസ്ഥത നമുക്ക് ശക്തിയുമാകട്ടെ. എല്ലാ നന്മകളും ദൈവാനുഗ്രഹവും പ്രാർത്ഥിച്ചുകൊണ്ട്,

**മാർ മാത്യൂ ആനിക്കുഴിക്കാട്ടിൽ**
ചെയർമാൻ
കെ.സി.ബി.സി. ഫാമിലി കമ്മീഷൻ

**P.S.** ഈ സർക്കുലറിലെ പ്രധാനപ്പെട്ട കാര്യങ്ങൾ ജനങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തണം.

**മാർ ജേക്കബ് മനത്തോടത്ത്**
പാലക്കാട് രൂപതയുടെ മെത്രാൻ

# Family Apostolate

**പ്രീകാന കോഴ്സ്**
**നവംബർ 2, 3, 4, 5, ഡിസംബർ 7, 8, 9, 10**
തിങ്കളാഴ്ച രാവിലെ 9.30 മുതൽ വ്യാഴാഴ്ച ഉച്ചക്ക് 1.00 മണിവരെ

**ഫാ. ജോർജ്ജ് തുരുത്തിപ്പള്ളി**
ഡയറക്ടർ, ഫാമിലി അപ്പോസ്റ്റലേറ്റ്.





# PRABHU YESU MAHOTSAV 2009, MUMBAI

### BECOME THE MESSAGE & THE MESSENGER

(MESSAGE AT THE END OF PRABHU YESU MAHATSOV)

1. “God is light in whom there is no darkness at all” (1 Jn. 1:5), At the dawn of creation, He issued the command: “‘Let there be light’ and there was light” (Gen. 1 :4). At the end of time, He will gather the nations into the new Jerusalem, the city that “has no need of sun or moon to shine on it for the glory of God is its light and its lamp is the Lamb” (Revelation 21:22). During this beautiful festival of Deepavali, the festival of lights, we 1200 delegates from 160 dioceses, together with 107 bishops of all three Ritual Churches gathered at St. Pius College, Goregaon, from October 14-18, 2009 for the first Indian Mission Congress, Prabhu Yesu Mahatsov. Our theme was: “Let Your Light Shine” (Mt. 5: 16).

2. Prabhu Yesu Mahotsav has been for us a festival, a celebration of our faith in Jesus the Light of the world (Jn. 8: 12). We felt ourselves blessed during these days marked by prayer, inter-ritual worship, inputs, personal testimonies, discussions and cultural activities as each of the 13 Regions that make up the Catholic Church of India portrayed how the Light of Jesus has shone in' its Region. Towards the end of the Congress, we feel the need of addressing this message to you our brothers and sisters in the faith.

3. During these days, we fIrst of all contemplated the Lord Jesus, who is the light which enlightens everyone coming into the world (Jn. 1:9). Jesus, in the Gospel of Luke, begins his ministry with the words: “The Spirit of the Lord is upon me because he has anointed me to proclaim good news to the poor” (Lk. 4:18). Jesus proclaimed the Good News that God, our Father, loves us and has made us his children in Jesus Christ by pouring out his Spirit into our hearts (Rom. 8: 14). Jesus assures us that whoever follows him will never walk in darkness (In. 8: 12). We believe Jesus is the answer to the ancient prayer of the sages of our country: “Lead me from darkness to light”!. In mysterious ways, he has been at work in the hearts of so many in our country down the centuries.

4. The Church, under the impulse of the Spirit, has been continuing the mission of Jesus. The mandate of the Risen Lord to his Apostles was: “Go into all the world and proclaim the good news to the whole creation” (Mk. 16:15). The Apostles did just that: “And they went out and proclaimed the good news everywhere, while the Lord worked with them and confIrmed the message by the signs that accompanied it”. (Mk. 16:20). Two Apostles, Thomas and Bartholomew, brought the Good News to our own country.



**Palakkad Rupatha Bulletin**
Editor: Fr. Shyju Naduvathaniyil, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

5. The proclamation of the Good News is called "Evangelization". Pope John Paul II strongly affirmed: "The Church evangelizes in obedience to Christ's command, in the knowledge that every person has the right to hear the Good News of the God who reveals and gives himself in Christ"2. Jesus is not 'our' possession - he came for all. The present Holy Father, Pope Benedict XVI, reminds us that sharing the Good News is the greatest service we can render to humanity [3].

6. The evangelizing mission of the Church has taken different forms: One is works of mercy and compassion. She does what Jesus himself did: he proclaimed the Good News by words and by deeds as he cared for the sick and the afflicted (Mk. 1:32). Mother Teresa and so many others like her make visible the Church's commitment to evangelization through compassion. Church-run hospitals and hospices, efforts to reach out to those in prison are examples of the Church continuing the work of Jesus who "went about doing good" (Acts 10:32).

7. The developmental work of the Church is another form of evangelization. The Church cares for human beings right from the womb to the tomb as she stands for life and all that would promote life. Her work in the field of education is evidence of her interest in the all-round human development. This is linked with the Church's involvement in justice issues to liberate the down trodden and the marginalized. Through all these, the Church has contributed to building up the nation.

8. Another form that evangelization has taken in today's world is inter-religious dialogue. Living in a pluralistic world, the Church seeks to appreciate the religious richness of the others because she "rejects nothing that is true and holy in these religions"'. Such a dialogue, as Pope John Paul II reminds us "should result in collaboration, harmony and mutual enrichment"5. Through inter-religious dialogue initiatives, the Church has striven to promote peace and harmony in our country.

9. During the Congress, we prayed over and reflected on what our calling as disciples of the Lord Jesus entails. He has called us to be the light of the world as he himself is the light. "You are the light of the world" he says to us. (Mt. 5: 14). Our mission is to radiate the light of Jesus so that all persons will be illumined by his divine light.

10. As we reflected and prayed, we became even more vividly aware of the need of ourselves being re-evangelized. We realized more clearly the role of all of us, especially the laity - women and youth in particular - in the task of evangelization. Jesus proclaimed the Good News by his life. We will do the same by the witness of our lives called as we are to be "holy and blameless before him in love" (Eph. 1:4). We recall the words of Pope Paul VI: "Above all,





the Gospel must be proclaimed by witness" which involves "presence, sharing, solidarity"6. Each of us is called to be both the messenger and the message.

l1. We will proclaim the Good News by lives of humble service to all around us beginning with our homes and neighbourhoods. We commit ourselves to fighting corruption in public life by the probity of our lives. To stem the tide of consumerism· we will live lives marked by simplicity and contentment.

12. Finally, we will not be afraid to proclaim what Jesus means for us by word. Pope John Paul II forcefully reiterated what Pope Paul VI had said: "There is no evangelization if the name, the teaching, the life, the promises, the' kingdom and the mystery of Jesus of Nazareth, the Son of God, are not proclaimed"? This is a human right enshrined in the Constitution of our nation. No opposition, no fear of persecution will deter us. .

13.As we have done through art and other channels, we will find new avenues of proclaiming the Good News especially through the media which offers us tremendous possibilities of reaching out widely and effectively especially to the youth.

14. Surely, we will proclaim Jesus in a manner respectful of the beliefs and religious practices of others. We will seek to be familiar with the national and religious traditions of our country discovering "with joy and reverence the seeds of the Word hidden in these traditions"B. We see the need of retelling the story of Jesus in an "inculturated" form - in a language and form which is meaningful to our country with its plurality of cultures and religions. In every way, proclaim we must: "Woe to me if1 do not proclaim the Gospel" (I Cor. 9: 16).

15. As we end our first Indian Mission Congress, we pray to the Holy Spirit who anointed us at Baptism asking him to empower us to bring the Good News to our beloved country. We turn in prayer to Mary, the Star of Evangelization. The Visitation shows her to us as the first evangelizer carrying Jesus within her (Lk. 1:39 - 45). Like her, we shall carry Jesus to a world eagerly awaiting the Good News.

1. *Tamasomajyolirgamaya,* Brihadaraka Upanishad 1,3.28.
2. Pope John Paul II, Apostolic Letter, *Ecelesia inAsia, 20*
3. 2009 Mission Sunday Message
4. Vatican II, Declaration on the Relation of the Church to Non-Christian Religions, *Noslra Aelale, 2.*
5. *Ecelesia in As ia, 31*
6. Pope Paul VI, *Evangelii Nuntiandi 21*
7. Quoted by John Paul 11, *Ecelesia in Asia, 19*
8. Vatican 11, Decree on the Church's Missionary Activity, *Ad Gentes,* II.



**Palakkad Rupatha Bulletin**
Editor: Fr. Shyju Naduvathaniyil, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

# From the Bishop's Diary

**November 2009**

| | | |
|---|---|---|
| 2 | A.M. | St. Raphael's Cathedral, Palakkad |
| | P.M. | Ramanathapuram |
| 4 | | Pre-Cana Talk, Yuvakshetra |
| 5 | | Sehion Retreat Centre, Thavalam |
| 6 | A.M. | AyurPalana Hospital, Palakkad |
| 7 | | FCC Vestion, Cathedral |
| 8 | | Gandhipuram |
| 9 | | MSFS House, Panthalampadam |
| 10 | | Ernakulam |
| 15 | | KCYM Meeting |
| 16 | P.M. | Kallepully |
| 17 | A.M. | Kinasserry |
| 18 | P.M. | Pudukkad |
| 21 | A.M. | Kanikkamatha Convent, Palakkad |
| | P.M. | Trichur |
| 22 | A.M. | Ramanathapuram |
| 24 | A.M. | MST House, Moochenkundu |
| 25 | P.M. | V.J. School, Saravanampatty |
| 26 | | Sholayur |
| 28 | P.M. | Kairady |
| 29 | A.M. | Shoranur |
| | P.M. | St. Raphael's Cathedral, Palakkad |
| 30 | P.M. | Pombra |



Palakkad Rupatha Bulletin NOVEMBER '09

# From the Bishop's Office

**ആദരാഞ്ജലികൾ**

ഫാ. ഫ്രാൻസിസ് പാറയ്ക്കൽ ഒക്ടോബർ 22-11-1996

**മാസധ്യാനം**

ബഹുമാനപ്പെട്ട വൈദികരുടെ നവംബർ മാസത്തിലെ ധ്യാനം അതത് ഫൊറോനകളിൽവെച്ച് നടത്തപ്പെടുന്നതാണ്.

**വൈദികരുടെ തുടർപരിശീലനപരിപാടി**

വൈദികരുടെ തുടർ പരിശീലനത്തിന്റെ ഭാഗമായി വൈദിക വർഷത്തിൽ നടത്തുന്ന ത്രിദിന പരിപാടി യുവക്ഷേത്രയിൽ വെച്ച് 2009 ഡിസംബർ 14 തിങ്കളാഴ്ച രാവിലെ 11ന് ആരംഭിക്കുന്നതും ഡിസംബർ 16 ബുധനാഴ്ച ഉച്ചഭക്ഷണത്തോടെ സമാപിക്കുന്നതുമാണ്. ബഹു. ഡോ. ഫാ. തോമസ് സ്രാമ്പിക്കലും രൂപതയിലെ വൈദികരുമാണ് സെമിനാർ നയിക്കുക.

**Appointment of Priests**

1. Fr. Abraham Palathinkal, Vicar, St. Mary's Chruch, Palappuram, Chaplain, Carmel Convent, Lekkidi, w.e.f.19-10-2009.
2. Fr. Raju Pulikkathazha, Vicar, St. Paul's Church, Kalla, w.e.f. 19-10-2009.
3. Fr. Joshy Chakkalakkal, relieved of office of Vicar, St. Paul's Church, Kalla, w.e.f.19-10-2009.
4. Fr. Martin Punnolil, Acting Vicar, St. Joseph's Church, Josegiri. w.e.f.28-10-2009.
5. Fr. Jaimon Pallineerackal, Asst. Vicar, St. Thomas Forane Church, Kanjirapuzha, w.e.f.23. 11. 2009.

**പുതിയ ഫോൺ നമ്പർ / അഡ്രസ്സ്**

സേക്രട്ട്ഹാർട്ട് ചർച്ച്, രാജഗിരി
ഫോൺ: 04922 255133

ഗുഡ്ഷെപ്പേർഡ് ചർച്ച്, പോത്തുണ്ടി
ഫോൺ: 04923-244604

Shalom F.C.Convent
Puthu Road, Permumapetty P.O., Near Siva Raja College,
Tamilnadu - 636, 307 Salem, Tele : 0427/2480341



**Palakkad Rupatha Bulletin**
Editor: Fr. Shyju Naduvathaniyil, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

## Names of priests who are to lead the adoration at Nithyaaraadhana Chapel, Palakkad.

| Date | Day | Name |
|---|---|---|
| 01-12-09 | TUE | Rev.Fr. Kozhipadan Tony |
| 02-12-09 | WED | Rev. Fr. Kulampil Jose |
| 03-12-09 | THU | Rev. Fr. Kundukulam Seby |
| 04-12-09 | FRI | Rev. Fr. Kunnathettu Joby |
| 05-12-09 | SAT | V. Rev. Fr. Kuruthukulngara Peter |
| 07-12-09 | MON | Rev. Fr. Malekudiyil Sherjo |
| 08-12-09 | TUE | Rev. Fr. Maliekal George |
| 09-12-09 | WED | V. Rev. Fr. Mangalan Sebastian |
| 10-12-09 | THU | Rev. Fr. Manjaly Prinson |
| 11-12-09 | FRI | Rev. Fr. Mavunkal Jacob |
| 12-12-09 | SAT | Rev. Fr. Mechery Mathew |
| 14-12-09 | MON | Rev. Fr. Murickananickal Santhosh |
| 15-12-09 | TUE | Rev. Fr. Muringakudiyil Biju |
| 16-12-09 | WED | Rev. Fr. Naduvathaniyil Shyju |
| 17-12-09 | THU | Rev. Fr. Nalpathamkalam Sumesh |
| 18-12-09 | FRI | V. Rev. Fr. Narikuzhy George |
| 19-12-09 | SAT | Rev. Fr. Nedumpurath Antony |
| 21-12-09 | MON | Rev. Fr. Nirappel Biju |
| 22-12-09 | TUE | Rev. Fr. Njonginiyil Mathew |
| 23-12-09 | WED | Rev. Fr. Olakkengil Viani |
| 24-12-09 | THU | Rev. Fr. Ollukaran Vincent |
| 28-12-09 | MON | Rev. Fr. Palathinkal Abraham |
| 29-12-09 | TUE | Rev. Fr. Pallineerakkal Jaimon |
| 30-12-09 | WED | Rev. Fr. Paramby Thomas |
| 31-12-09 | THU | Rev.Fr. Parayil Jijo |

**NB: The Rev. Fathers are to reach the Adoration Chapel on the previous day at 4.00 p.m and do the ministry till 4.00 p.m on the given day.**





# വിശ്വാസ പരിശീലനം

**മതാദ്ധ്യാപക ധ്യാനങ്ങൾ**

വിശ്വാസ ജീവിതത്തിലും പ്രാർത്ഥനാനുഭവത്തിലും പ്രേഷിതാഭിമുഖ്യത്തിലും വളരുക, മതാദ്ധ്യാപക കൂട്ടായ്മ പരിപോഷിപ്പിക്കുക എന്നീ ലക്ഷ്യങ്ങൾ മുന്നിൽ കണ്ടുകൊണ്ട് മതാദ്ധ്യാപകർക്കായി ഫൊറോനാടിസ്ഥാനത്തിൽ ഏകദിന ധ്യാനങ്ങൾ സംഘടിപ്പിക്കുന്നു. ഓരോ ഫൊറോനയിലും നടത്തപ്പെടുന്ന ധ്യാനത്തിന്റെ തിയ്യതിയും സമയവും താഴെ ചേർക്കുന്നു.

| | |
|---|---|
| 14.11.09 ശനി | മേലാർക്കോട് & വടക്കഞ്ചേരി ഫൊറോന<br>(9.30 am to 4 pm വടക്കഞ്ചേരി ഫൊറോന പള്ളി) |
| 14.11.09 ശനി | ഒലവക്കോട് ഫൊറോന<br>(9.30 am to 4 pm ഫൊറോന പാരിഷ് ഹാൾ) |
| 27.11.09 വെള്ളി | കാഞ്ഞിരപ്പുഴ ഫൊറോന<br>(9.30 am to 4. pm ഫൊറോന പാരിഷ് ഹാൾ) |
| 27.11.09 വെള്ളി | മണ്ണാർക്കാട് ഫൊറോന<br>(9.30 am to 4. pm ഫൊറോന പാരിഷ് ഹാൾ) |
| 12.12.09 ശനി | ഒറ്റപ്പാലം ഫൊറോന<br>(9.30 am to 4. pm ഫൊറോന പാരിഷ് ഹാൾ) |
| 12.12.09 ശനി | പാലക്കാട് ഫൊറോന<br>(9.30 am to 4. pm പാസ്റ്ററൽ സെന്റർ) |

**കയ്യെഴുത്ത് മാസികാമത്സരം**

V മുതൽ XII വരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്കാണ് ഈ മത്സരം. മാസികയുടെ നീളം 12 ഉം വീതി 9 ഉം ഇഞ്ചുകളായിരിക്കണം. വരച്ച ചിത്രങ്ങൾ അല്ലാതെ ഫോട്ടോകൾ പാടില്ല. ഈ വർഷത്തെ പഠനവിഷയത്തെ ആസ്പദമാക്കി രണ്ടു രചനകളെങ്കിലും ഉണ്ടായിരിക്കണം. 100 പേജിൽ കുറയാനും 150 പേജിൽ കവിയാനും പാടില്ല. മാസികയുടെ പേര് കഴിഞ്ഞു വരുന്ന പേജിൽ ഒന്നും എഴുതരുത്. 2009 ഡിസംബർ 1-ാം തിയ്യതിക്കു മുൻപായി ഫൊറോന ഡയറക്ടറെ കയ്യെഴുത്ത് മാസിക ഏല്പിച്ചിരിക്കണം. ഒരു ഇടവകയിൽ നിന്ന് ഒരു മാസിക മാത്രമെ സ്വീകരിക്കുകയുള്ളൂ. രചനകൾ മലയാളം, തമിഴ്, ഇംഗ്ലീഷ് ഭാഷകളിൽ ആവാം.

**രണ്ടാം മിഡ് ടേം പരീക്ഷ**

സൺഡേ സ്കൂൾ കുട്ടികളുടെ രണ്ടാം മിഡ് ടേം പരീക്ഷ നവംബർ 29-ാം തിയ്യതി ഞായറാഴ്ച്ച നടത്തപ്പെടുന്നു.



**Palakkad Rupatha Bulletin**
Editor: Fr. Shyju Naduvathaniyil, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

**രണ്ടാം സെമസ്റ്റർ പരീക്ഷ**

10,11,12 ക്ലാസ്സുകളിലെ രണ്ടാം സെമസ്റ്റർ പരീക്ഷ 2010 ജനുവരി 31-ാം തിയ്യതി ഞായറാഴ്ച്ചയാണ്. പരീക്ഷ 80 മാർക്കിൽ ആയിരിക്കും. ജനറൽ ക്വിസിൽ നിന്നും (പാർട്ട് 2) 5 ചോദ്യങ്ങൾ ഉണ്ടായിരിക്കും. ബൈബിൾ ഭാഗം ഉൽപ്പത്തി 39-50 അദ്ധ്യായങ്ങൾ.

രണ്ടാം സെമസ്റ്റർ പരീക്ഷയ്ക്കുള്ള 12-ാം ക്ലാസ്സിലെ മോഡൽ ചോദ്യപേപ്പർ മതബോധന കേന്ദ്രത്തിൽ ലഭിക്കേണ്ട അവസാന ദിവസം നവംബർ 29-ാംതിയ്യതി ഞായറാഴ്ച്ചയാണ്.

**മതബോധന കൗൺസിൽ മീറ്റിംഗ്**

രൂപത മതബോധന കൗൺസിൽ മീറ്റിംഗ് ഡിസംബർ 19-ാം തിയ്യതി ശനിയാഴ്ച്ച പാസ്റ്ററൽ സെന്ററിൽ വെച്ച് നടക്കുന്നു. രാവിലെ 10 മണിമുതൽ ഉച്ചയ്ക്ക് 1.00മണി വരെയാണ് മീറ്റിംഗ്. കൗൺസിൽ അംഗങ്ങൾ എല്ലാവരും പ്രസ്തുതമീറ്റിംഗിൽ പങ്കെടുക്കേണ്ടതാണ്.

NB: അടുത്ത വർഷത്തേക്കുള്ള സ്കൂൾ കാറ്റികിസം മോറൽ സയൻസ് പുസ്തകങ്ങളുടെ എണ്ണം നവംബർ 30-നുള്ളിൽ രൂപതാകേന്ദ്രത്തിലെത്തിക്കാൻ പ്രധാനാധ്യാപകർ ശ്രദ്ധിക്കുമല്ലോ.

**മതാദ്ധ്യാപക ദിനം 2009 ഒക്ടോബർ 2**

ഒക്ടോബർ 2-ാംതിയ്യതി മതാദ്ധ്യാപക ദിനം രൂപതാ പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തപ്പെട്ടു. രൂപതാ മതബോധന ഡയറക്ടർ റവ. ഡോ. മാത്യു വാഴയിൽ എല്ലാവർക്കും സ്വാഗതം ആശംസിച്ചു. പാലക്കാട് ഫൊറോന വികാരി വെരി. റവ. ഡോ. ജോസ് കല്ലുവേലിൽ മതാധ്യാപക ദിനാഘോഷ പരിപാടികൾ ഉദ്ഘാനം ചെയ്തു. അനുരഞ്ജന കൂദാശ ജീവിത വിശുദ്ധീകരണത്തിന് എന്ന വിഷയത്തെ ആസ്പദമാക്കി തൃശൂർ അതിരൂപത വികാരി ജനറാൾ മോൺ. റാഫേൽ തട്ടിൽ പ്രഭാഷണം നടത്തി. രൂപതാ മതബോധന കൗൺസിൽ സെക്രട്ടറി ശ്രീ.ആൻസൺ വല്ല്യാറ നന്ദി പറഞ്ഞു. അഭിവന്ദ്യ പിതാവും രൂപതാ ഫൊറാന മതബോധന ഡയറക്ടേഴ്സും ചേർന്ന് ദിവ്യബലി അർപ്പിച്ചു. അഭിവന്ദ്യ പിതാവ് ദിവ്യബലി മദ്ധ്യേ മതാദ്ധ്യാപകർക്ക് സന്ദേശം നൽകി. സമാപന സമ്മേളനത്തിൽ അഭിവന്ദ്യ പിതാവ് അധ്യക്ഷത വഹിക്കുകയും ചെയ്തു. രൂപതാ മതബോധന അസി. ഡയറക്ടർ റവ.ഫാ. ജോബി കാച്ചപ്പിള്ളി സ്വാഗതം ആശംസിക്കുകയും, രൂപതാ മതബോധന കൗൺസിൽ അംഗം ശ്രീമതി സെലിൻ ടോം നന്ദി പ്രകാശിപ്പിക്കുകയും ചെയ്യതു. 25,15 വർഷങ്ങൾ പൂർത്തിയാക്കിയ മതാദ്ധ്യാപകർക്ക് സമാപന സമ്മേളനത്തിൽ വെച്ച് ഉപഹാരങ്ങൾ നൽകി ആദരിച്ചു.

2009ലെ സ്കോളാസ്റ്റിക് ടെസ്റ്റിലെ രൂപതാ ഫൊറാന തല വിജയികൾക്കും 2009ലെ മതാദ്ധ്യാപകർക്കായി നടത്തിയ സാഹിത്യ മത്സര വിജയികൾക്കും





സമ്മാനങ്ങൾ വിതരണം ചെയ്തു. കവിതാ പാരായണത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ ശ്രീമതി. സെലിൻ ടോം കവിതാ പാരായണം നടത്തി. രൂപതയിലെ എല്ലാ വൈദികർക്കും മതാദ്ധ്യാപകർക്കും അഭിവന്ദ്യ പിതാവിന്റെ ഉപഹാരം നൽകപ്പെട്ടു. മതാദ്ധ്യാപക ദിനാഘോഷങ്ങൾ മനോഹരമാക്കാൻ അദ്ധ്യാനിച്ച എല്ലാവർക്കും പ്രത്യേകിച്ച് ബഹു. വികാരിയച്ചൻമാർക്കും, രൂപതാ കൗൺസിൽ അംഗങ്ങൾക്കും വിവിധ കമ്മിറ്റിയിൽ പ്രവർത്തിച്ചവർക്കും, പ്രധാനാധ്യാപകർക്കും ,എല്ലാ മതാദ്ധ്യാപകർക്കും, കലാവിരുന്ന് ഒരുക്കിയ മണ്ണാർക്കാട് ഫൊറോനയ്ക്കും, രംഗപൂജ അവതരിപ്പിച്ച കാഞ്ഞിരപ്പുഴ ഫൊറോനയ്ക്കും, ആത്മാർത്ഥമായി നന്ദി പറയുന്നു. മതാദ്ധ്യാപക ദിനാഘോത്തിൽ ഏകദേശം 1500 അധ്യാപകർ പങ്കെടുത്തു.

**ലോഗോസ് ക്വിസ് 2009**

ലോഗോസ് ക്വിസ് 2009 ൽ പങ്കെടുത്ത് ഉന്നത വിജയം നേടിയ എല്ലാ സൺഡേ സ്കൂൾ കുട്ടികൾക്കും അവരെ ഒരുക്കിയ ബഹു,വികാരിയച്ചൻമാർക്കും, എല്ലാ പ്രധാന അദ്ധ്യാപകർക്കും, മതാധ്യാപകർക്ക് അഭിനന്ദനങ്ങൾ.

**ലോഗോസ് ക്വിസ് 2009 സൺഡേസ്കൂൾ സമ്മാനങ്ങൾ**

| | | |
|---|---|---|
| **V** | | |
| I | ബ്ലെസി ബാബു | പന്തലാംപാടം |
| II | മിന്നു എലിസബത്ത് | മണ്ണാർക്കാട് |
| III | ബ്രിജിത്ത് അബ്രാഹം | കാരാപ്പാടം |
| **VI** | | |
| I | സാന്ദ്ര ബെന്നി | ശ്രീകൃഷ്ണപുരം |
| II | ടിൻസി അലക്സ് | കൊടുന്തിരപ്പിള്ളി |
| III | മിന്റു ആന്റോ | വടക്കഞ്ചേരി |
| **VII** | | |
| I | സ്നേഹ ട്രീസ | കണ്ടമംഗലം |
| II | അലീന ജോർജ്ജ് | കൗവുണ്ടംപാളയം |
| III | ക്രിസ്റ്റീന ജോമി | കരിമ്പ |
| **VIII** | | |
| I | ദിയമെറിൻ മാത്യു | പൂഞ്ചോല |
| II | ആർലിൻ ജോയ് | കാഞ്ഞിരപ്പുഴ |
| III | ആഷ്‌ലി.കെ | മംഗലംഡാം |
| **IX** | | |
| I | സ്നേഹ ജെയ്സൺ | വടക്കഞ്ചേരി |
| II | കൃപാ തോമസ് | പൂഞ്ചോല |
| III | മീനു സി. ജോർജ്ജ് | കരിമ്പ |
| **X** | | |
| I | മരിയ അഗസ്റ്റിൻ | പന്തലാംപാടം |



**Palakkad Rupatha Bulletin**
Editor: Fr. Shyju Naduvathaniyil, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

| | | |
|---|---|---|
| II | രേഷ്മ റോയ് | ആലങ്ങാട് |
| III | ബിൻസി ബേബി | പന്തലാംപാടം |
| **XI** | | |
| I | ജോയ്സ് ജോസഫ് | പൂഞ്ചോല |
| II | സ്നേഹ മാത്യു | കാരാക്കുറുശ്ശി |
| III | സ്റ്റഫീന മമൈക്കിൾ | പൊൻകണ്ടം |
| **XII** | | |
| I | ടിനു ബെനഡിക്ട് | ഒലിപ്പാറ |
| II | അനു മാത്യു | കരിമ്പ |
| III | ശ്രുതി കെ. മാർട്ടിൻ | കൈതച്ചിറ |

NB: രൂപതാ തലത്തിൽ അഞ്ചാംസ്ഥാനം വരെ ലഭിച്ചവരെ ഒഴിവാക്കിയാണ് സൺഡേ സ്കൂൾ സമ്മാനലിസ്റ്റ് തയ്യാറാക്കിയിരിക്കുന്നത്. എ. ബി.സി. വിഭാഗങ്ങളിൽ 60%ത്തിനും മുകളിൽ മാർക്ക് ലഭിച്ചവരെയാണ് ലിസ്റ്റ് തയ്യാറാക്കുവാൻ പരിഗണിച്ചിരിക്കുന്നത്. ഒരേ മാർക്ക് ലഭിച്ച വരെ 101,102,103 എന്നീ ചോദ്യങ്ങളുടെ ഉത്തരങ്ങൾ പരിഗണിച്ചിട്ടാണ് സ്ഥാനങ്ങൾ നിർണ്ണയിച്ചിരിക്കുന്നത്.

**ലോഗോസ് ക്വിസ് 100% പരീക്ഷ എഴുതിയ സൺഡേസ്കൂളുകൾ**

1 സെന്റ് മേരീസ് സൺഡേ സ്കൂൾ കരിങ്കയം
2. കർമ്മലമാത സൺഡേസ്കൂൾ നെല്ലിയാംപതി
3. സെന്റ് അൽഫോൻസ സൺഡേ സ്കൂൾ മുണ്ടൂർ
4. സെന്റ് ജോസഫ് സൺഡേ സ്കൂൾ ജോസ്ഗിരി
5. സെന്റ് പോൾസ് സൺഡേ സ്കൂൾ സ്നേഹഗിരി
6. സെന്റ് ആന്റണീസ് സൺഡേസ്കൂൾ ഷോളയൂർ
7. സെന്റ് തോമസ് സൺഡേ സ്കൂൾ ചീനിക്കപ്പാറ
8 സെന്റ് വില്ല്യംസ് സൺഡേ സ്കൂൾ എടത്തനാട്ടുകര
9. ഗുഡ്ഷേപ്പേർഡ് സൺഡേ സ്കൂൾ പോത്തുണ്ടി.

**ഫാ. മാത്യു വാഴയിൽ**
ഡയറക്ടർ, വിശ്വാസപരിശീലനവേദി

# സീനായ് ധ്യാനകേന്ദ്രം

**പരിശുദ്ധാത്മാഭിഷേക ധ്യാനം**

2009 നവംബർ 1 മുതൽ 6 വരെ, 15 മുതൽ 20 വരെ.
2009 ഡിസംബർ 06 മുതൽ 11 വരെ 20 മുതൽ 25 വരെ

ഫാ. ബെന്നി പീറ്റർ
**ഡയറക്ടർ, സീനായ് ധ്യാനകേന്ദ്രം**





# Bible Apostolate

**ബൈബിൾ അപ്പോസ്തലേറ്റ്**

ആനുപാതികമായി ഏറ്റവും കൂടുതൽ പേരെ ലോഗോസ് ക്വിസ് പരീക്ഷയിൽ പങ്കെടുപ്പിച്ച രൂപതയ്ക്കുള്ള "Best Diocese in Kerala" Award നമ്മുടെ രൂപതയ്ക്ക് 2-ാം സ്ഥാനം ലഭിച്ചിരിക്കുന്നു. ലോഗോസ് ക്വിസിൽ സഹകരിച്ച എല്ലാവർക്കും പ്രത്യേകിച്ച് വികാരിയച്ചന്മാർക്കും പ്രധാനാധ്യാപകർക്കും ആത്മാർത്ഥമായി നന്ദി പറയുന്നു.

**ലോഗോസ് ക്വിസ് 2009 ന്റെ റിസൽറ്റ് മതബോധന കേന്ദ്രത്തിൽ നിന്നും ലഭിക്കുന്നതാണ്.**

**ലോഗോസ് ക്വിസ് 2009 വിജയികൾ**

| | | |
|---|---|---|
| **A വിഭാഗം** | | |
| I. | നമിതജോർജ്ജ് | മംഗലംഡാം |
| II. | ഏയ്മി വട്ടക്കാനായിൽ | പാലക്കുഴി |
| III. | അഞ്ജന V.S | കാഞ്ഞിരപ്പുഴ |
| **B വിഭാഗം** | | |
| I. | സംഗീത സജി | വടക്കഞ്ചേരി |
| II. | ജെഫിൻ മാത്യു | കാഞ്ഞിരപ്പുഴ |
| III. | ചെൽസിയ ജോർജ് | വടക്കഞ്ചേരി |
| **C വിഭാഗം** | | |
| I. | രമ്യ സാമുവൽ | ഉണ്ണിമല |
| II. | ആശ ഡെന്നി | പരുത്തിക്കാട് |
| III. | Sr.അഞ്ജലിമരിയ DDP | പുലാപറ്റ |
| **D വിഭാഗം** | | |
| I. | ജയ ചെറിയാൻ | ലിസ്യുനഗർ |
| II. | ജാൻസി മൈക്കിൾ | ഉടുമൽപേട്ട് |
| | റോസി ചാണ്ടി | ലിസ്യുനഗർ |
| | Sr. ജിസ FCC | മാങ്കാവ് |
| III. | Sr. ഷൈബി CMC | എടത്തനാട്ടുകര |
| | സാലി തോമസ് | തിരുവിഴാംകുന്ന് |
| **E വിഭാഗം** | | |
| I. | Sr. ബെൻസി CMC | ലിസ്യുനഗർ |



**Palakkad Rupatha Bulletin**
Editor: Fr. Shyju Naduvathaniyil, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

| | | |
|---|---|---|
| II. | V.O സ്ക്കറിയ | ഉടുമൽപേട്ട് |
| III | ജോൺ. K.V | എടത്തനാട്ടുകര |
| | Sr. ഫിൻബർ CMC | കാണിക്കമാത |

1. ലോഗോസ് ക്വിസ് -2009 ന്റെ അഖിലകേരള മത്സരപരീക്ഷക്ക് നാം ഒരുങ്ങുകയാണല്ലോ. രൂപതാതലത്തിൽ A,B,C,D,E വിഭാഗങ്ങളിലായി ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ ലഭിച്ചവരെ (ആകെ 15X28=420 പേർ)പങ്കെടുപ്പിച്ചുകൊണ്ടുള്ള അഖിലകേരള മത്സര പരീക്ഷ പി.ഒ.സി.യിൽ വച്ച് നവംബർ 22 രാവിലെ 10 മണിക്ക് ആരംഭിക്കുന്നതാണ്. പരീക്ഷാസമയം ആകെ ഒരു മണിക്കൂർ (10 a.m-11 a.m) ഇംഗ്ലീഷ് ഭാഷയിൽ ആരെങ്കിലും പരീക്ഷ എഴുതുവാനുണ്ടെങ്കിൽ പ്രസ്തുത വിവരവും മുൻകൂട്ടി അറിയിക്കേണ്ടതാണ്.

2. ആദ്യം രാവിലെ ഒരു മണിക്കൂർ എഴുത്തുപരീക്ഷയാണ്. രാവിലത്തെ പരീക്ഷയിൽ ഒരു വാക്കിലും, ഒരു വാചകത്തിലും ഉത്തരമെഴുതുവാനും ശരിയായ ഉത്തരം തെരഞ്ഞെടുക്കുവാനുമുള്ള 50 ചോദ്യങ്ങളാണുള്ളത്. ഈ പരീക്ഷയിൽ ഏറ്റവും കൂടുതൽ മാർക്കു ലഭിക്കുന്ന 50 പേരെ (ഓരോ പ്രായവിഭാഗത്തിൽ നിന്നും 10 പേരെ വീതം) ഉൾപ്പെടുത്തി (Written- Oral-Audio-Video-Word- പരീക്ഷ ഉച്ചക്കുശേഷം നടത്തുന്നതാണ്. ഇതിൽ നിന്നാണ് അഖിലകേരളതലത്തിലുള്ള 15 സ്ഥാനക്കാരെ നിശ്ചയിക്കുക. പി.ഒ.സി.യിൽ വച്ചു നടത്തുന്ന മത്സരപരീക്ഷയിൽ പങ്കെടുക്കാൻ വരുന്നവരെ ഈ വിവരം അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

3. Bible films that can be used for Video exam are the following:
   1. Jacob 2 Discs
   2. Joseph 4 Discs
   3. Jesus
   4. Paul From Tarsus to the World 4 Discs (Pauline communications)
   5 Walking the Bible 1 Disc
   6. Genesis 2 Discs

4. മത്സരത്തിന് തലേദിവസം വൈകീട്ട് പി.ഒ.സി.യിൽ താമസസൗകര്യങ്ങൾ ആവശ്യമെങ്കിൽ നവംബർ 15 നു മുമ്പായി അറിയിക്കണമെന്ന് ഓർമ്മിപ്പിക്കട്ടെ. ഒരു രൂപതയിൽ നിന്ന് പരീക്ഷ എഴുതുന്ന 15 കുട്ടികൾക്കും 2 ടീം മാനേജർമാർക്കും ഡയറക്ടർക്കും മാത്രം താമസവും ഭക്ഷണവും സൗജന്യമായിരിക്കും. മറ്റുള്ളവർ ഭക്ഷണത്തിന് (Supper/Breakfast/Lunch) 30 രൂപ വീതം നൽകേണ്ടതാണ്.





## LOGOS QUIZ-2009

(B.C.D.E groups- Answer Key- October 11,2009)

| | |
|---|---|
| 1 C | 27:17 |
| 2 A | 28:17 |
| 3 B | 27:36 |
| 4 C | 28:22 |
| 5 D | 30:2 |
| 6 C | 30:46 |
| 7 D | 30:13 |
| 8 B | 31:24 |
| 9 C | 32:9 |
| 10 B | 32:30 |
| 11 A | 33:10 |
| 12 D | 33:19 |
| 13 B | 34:7 |
| 14 A | 34:31 |
| 15 C | 35:8 |
| 16 C | 32:28;35:10 |
| 17 D | 35:14-15 |
| 18 D | 37:3 |
| 19 A | 37:11 |
| 20 B | 37:21 |
| 21 B | 39:23 |
| 22 C | 40:9-19 |
| 23 A | 41:42-43 |
| 24 B | 43:30 |
| 25 D | 41:52 |
| 26 D | |
| 27 D | 42:24;43:30 45:15;46:26 50:1;50:17 |
| 28 C | 42:33 |
| 29 B | 44:30 |
| 30 C | 43:6 |

| | |
|---|---|
| 31 B | 45:26 |
| 32 B | 47:22 |
| 33 A | 47:11 |
| 34 A | 47:26 |
| 35 D | 49:16 |
| 36 A | 50:3 |
| 37 C | 49:30 |
| 38 D | |
| 39 B | 48:21 |
| 40 D | 49:25 |
| 41 D | 39:22 |
| 42 D | 35:18 |
| 43 C | 33:17 |
| 44 D | 41:49 |
| 45 D | 42:37;43:2 |
| 46 A | 44:33 |
| 47 B | 45:20 |
| 48 C | 27:1;31:11;46:2 |
| 49 D | 49:1 |
| 50 A | 31:47 |
| 51 D | 33:11 |
| 52 A | 29:14;37:27 |
| 53 B | 28:17 |
| 54 B | 30:18 |
| 55 C | 49:27 |
| 56 D | 30:30 |
| 57 A | 30:32 |
| 58 B | 31:7 |
| 59 C | 31:50 |
| 60 A | 36:18 |
| 61 B | 38 |



**Palakkad Rupatha Bulletin**
Editor: Fr. Shyju Naduvathaniyil, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

| | | | |
|---|---|---|---|
| 62 D | 46:27 | 82 D | Ph 2:4 |
| 63 C | 37:21 | 83 C | Ph 2:15 |
| 64 C | 29:35 | 84 B | Ph 2:20 |
| 65 D | 31:30 | 85 D | Ph 3:8 |
| 66 C | 35:8;19,29 | 86 A | Ph 3:18 |
| 67 B | 49:29 | 87 C | Ph 3:19 |
| 68 D | 50:20 | 88 B | Ph 4:18 |
| 69 A | 28:1 | 89 B | Ph 1:7 |
| 70 D | 45 | 90 A | Ph 1:16 |
| 71 A | 41:55 | 91 A | Ph 3:5 |
| 72 B | 39:23 | 92 B | Ph 2:30 |
| 73 B | 50:18 | 93 C | Ph 4:3 |
| 74 A | 34:14 | 94 D | Ph 2:3 |
| 75 D | 50:22-26 | 95 D | Ph 2:12 |
| 76 B | 27:26-29 | 96 D | Ph 4:5 |
| 77 B | 27:746;28:1-6 | 97 C | Ph 1:18 |
| 78 A | 42:6 | 98 A | Ph 2:7 |
| 79 D | 49:8-12 | 99 B | Ph 2:27 |
| 80 B | Ph 1:28 | 100 D | Ph 4:1 |
| 81 A | Ph 1:23 | | |

## LOGOS QUIZ-2009

(A groups- Answer Key- October 11,2009)

| | | | | | |
|---|---|---|---|---|---|
| 1 C | 27:17 | 12 D | 33:19 | 24 B | 43:30 |
| 2 A | 28:17 | 13 B | 34:17 | 25 D | 41:52 |
| 3 B | 27:36 | 14 A | 34:31 | 26 D | |
| 4 C | 28:22 | 15 C | 35:8 | 27 D | 27:29 |
| 5 D | 30:2 | 16 C | 32:28;35:10 | 28 C | 42:33 |
| 6 C | 30:16 | 17 D | 35:14-15 | 29 B | 44:30 |
| 7 D | 30:13 | 18 D | 37:3 | 30 C | 43:6 |
| 8 B | 31:24 | 19 A | 37:11 | 31 B | 45:26 |
| 9 C | 30:27 | 20 B | 37:21 | 32 B | 47:22 |
| 10 B | 32:30 | 21 B | 39:23 | 33 A | 47:11 |
| 11 A | 33:10 | 22 C | 40:9-19 | 34 A | 47:26 |
| | | 23 A | 41:42-43 | | |





| | | | | | | | |
|---|---|---|---|---|---|---|---|
| 35 D | 49:16 | 52 A | 29:14; 37:27 | 68 D | 50:20 | 83 C | Ph 2:15 |
| 36 A | 50:3 | 53 B | 34:13 | 69 A | 28:1 | 84 B | Ph 2:20 |
| 37 C | 49:30 50:13 | 54 B | 30:18 | 70 D | 40:23 | 85 D | Ph 3:8 |
| 38 D | | 55 C | 49:27 | 71 A | 41:55 | 86 A | Ph 3:18 |
| 39 B | 48:21 | 56 D | 30:30 | 72 B | 39:23 | 87 C | Ph 3:19 |
| 40 D | 49:25 | 57 A | 41:25 | 73 B | 50:18 | 88 B | Ph 4:18 |
| 41 D | 39:22 | 58 B | 30:32 | 74 A | 34:14 | 89 B | Ph 1:7 |
| 42 D | 35:18 | 59 C | 31:50 | 75 D | 50:22-26 | 90 A | Ph 1:16 |
| 43 C | 33:17 | 60 A | 36:18 | 76 B | 27:26-29 | 91 A | Ph 3:5 |
| 44 D | 41:49 | 61 B | 35:25 | 77 B | 27:746; 28:1-6 | 92 B | Ph 2:30 |
| 45 D | 2:37;43:2 | 62 D | 46:27 | 78 A | 49:22 | 93 C | Ph 4:3 |
| 46 A | 44:33 | 63 C | 37:21 | 79 D | 43:29 | 94 D | Ph 2:3 |
| 47 B | 45:20 | 64 C | 29:35 | 80 B | Ph 1:28 | 95 D | Ph 2:12 |
| 48 C | 27:1; 31:11;46:2 | 65 D | 31:30 | 81 A | Ph1:23 | 96 D | Ph 4:5 |
| 49 D | 49:1 | 66 C | 35:8; 19,29 | 82 D | Ph 2:4 | 97 C | Ph 1:18 |
| 50 A | 31:47 | 67 B | 49:29 | | | 98 A | Ph 4:6 |
| 51 D | 33:11 | | | | | 99 B | Ph 2:27 |
| | | | | | | 100 D | Ph 4:1 |

**നാലാം സ്ഥാനം**

A വിഭാഗം

1. അശ്വിൻ മാനുവൽ- കാഞ്ഞിരപ്പുഴ
2. ലിന്റ മാത്യു- മേലാർക്കോട്
3. ഗ്രേയ്സ് ആന്റോ- കൊഴിഞ്ഞാം പാറ
4. അബി അബ്രാഹം-പുലാപ്പറ്റ
5. ആഗ്നസ്. പി ജോൺ- കാരറ
6. ജോയേൽ ടോബിൻ- മണ്ണാർക്കാട്
7. നിവ്യാ പാംബ്ലാനി-മംഗലംഡാം
   മെറീന സണ്ണി-കഞ്ചിക്കോട്

**B വിഭാഗം**

1. തോമസ് ജോസഫ്- വടക്കുഞ്ചേരി
2. റെനി സൈമൺ- വടക്കുഞ്ചേരി
3. സാൽവിയ മാത്യു-ഒലിപ്പാറ
4. ബിൻസി.പി.ജി-പൊൻകണ്ടം
5. അഞ്ചലീന അബ്രാഹം- പുലാപ്പറ്റ
6. അനീജ ജോർജ്ജ്- തത്തമംഗലം

7.ജോൺസി .വി. ജോയ്- ചിറ്റൂർ (PKD)



**Palakkad Rupatha Bulletin**
